➪ ചാർട്ടേഡ് അക്കൗണ്ടന്റ് എന്ന നിലയിൽ പരിശീലനം നേടി ➪

# കുമരപ്പൻ ദർശനത്തിലൂടെ സക്രിയ സ്വാതന്ത്ര്യത്തിലേക്ക്

കുമരപ്പയുടെ ചിന്തകളെ രൂപപ്പെടുത്തിയ ദേശീയവും അന്തർദ്ദേശീയവുമായ രാഷ്ട്രീയ സംഭവവികാസങ്ങളെയും സാമ്പത്തിക ദർശനങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളെയും മനസിലാക്കാൻ ശ്രമിക്കുന്നു

**വേണു മാധവ് ഗോവിന്ദ്, ദീപക് മൽഘാൻ**

പരിഭാഷ: കെ.സഹദേവൻ

**സ്വാതന്ത്ര്യത്തെയും** നീതിയെയും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഉൾക്കൊള്ളുന്നതായിരുന്നു കുമരപ്പയുടെ ജീവിതവും പ്രവൃത്തിയും. കുമരപ്പയുടെ രചനകളെ പൂർണ്ണമായ വായനയ്ക്ക് വിധേയമാക്കുമ്പോഴാണ് അതിബൃഹത്തായ ധ്വനികളുള്ള അദ്ദേഹത്തിന്റെ ദർശനത്തെ സംബന്ധിച്ച സൂക്ഷ്മ രേഖാചിത്രം നമുക്ക് ലഭ്യമാകുക. മറ്റ് ചിന്തകരിൽ നിന്ന് കുമരപ്പയെ വ്യതിരിക്തമാക്കി തീർക്കുന്ന ഘടകമെന്നത് സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ഇഴചേരലാണ്. ഈയൊരു ലേഖനം, കുമരപ്പയുടെ ചിന്തകളെ രൂപപ്പെടുത്തിയെടുത്ത ദേശീയവും അന്തർദ്ദേശീയവുമായ രാഷ്ട്രീയ സംഭവവികാസങ്ങളെയും സാമ്പത്തിക ദർശനങ്ങളുടെ അടിസ്ഥാനപ്രമാണങ്ങളെയും മനസിലാക്കാൻ മാത്രമാണ് ശ്രമിക്കുന്നത്.

1892 ജനുവരി 4ന് തമിഴ്നാട്ടിലെ തഞ്ചാവൂരിൽ ജനിച്ച കുമരപ്പ, ചാർട്ടേഡ് അക്കൗണ്ടന്റ് എന്ന നിലയിൽ പരിശീലനം നേടുകയും 1910 കളിൽ നിരവധി വർഷം ലണ്ടനിൽ ജോലി ചെയ്യുകയും ചെയ്തു. ഈ കാലയളവിൽ ബ്രിട്ടീഷ് രാജിനെതിരെ ഇന്ത്യയിൽ നടന്നുകൊണ്ടിരുന്ന രാഷ്ട്രീയ കലാപങ്ങളിൽ അദ്ദേഹം ഒട്ടും തൽപ്പരനായിരുന്നില്ല എന്നുവേണം കരുതാൻ. സാമ്രാജ്യത്തിന്റെ തലസ്ഥാനനഗരിയിലെ ഒരു പൗരൻ എന്ന നിലയിൽ ഒരുവേള തന്റെ ജോലിയിലെ വിജയത്തിനപ്പുറം മറ്റൊന്നും കാണാൻ കുമരപ്പയ്ക്ക് കഴിഞ്ഞിരുന്നില്ലെന്ന് പറയാം. പിൽക്കാലത്ത് ബോംബെയിൽ തന്റെ ജോലി അദ്ദേഹം വിജയകരമായി നടത്തുകയും 1927ൽ അമേരിക്കയിലേക്ക് കുടിയേറുകയും ചെയ്തു. ലണ്ടനിൽ ചെലവഴിച്ച കാലത്തിൽ നിന്ന് വ്യത്യസ്തമായി അമേരിക്കയിൽ പുത്തൻ ആശയങ്ങളുമായി പരിചയപ്പെടാൻ അദ്ദേഹത്തിന് സാധിച്ചു. കൊളംബിയ യൂനിവേർസിറ്റിയിൽ ബിരുദാനന്തര വിദ്യാർത്ഥിയായി പഠനമാരംഭിച്ച കുമരപ്പയ്ക്ക് മറ്റ് ഇന്ത്യൻ വിദ്യാർത്ഥികൾ രണ്ട് തലമുറക്കാലമായി നേരിടേണ്ടി വന്ന അതേ ചോദ്യത്തെ അഭിമുഖീകരിക്കേണ്ടി വന്നു. ഇന്ത്യ സാമ്രാജ്യ കോളനിയായി മാറിയതും ഇത്രയേറെ ദരിദ്രാവസ്ഥയിലായതും എന്തുകൊണ്ട് എന്നതായിരുന്നു ആ ചോദ്യം. എന്നിരുന്നാലും ബ്രിട്ടീഷ് ഭരണകാലത്തെ പാശ്ചാത്യ ഇന്ത്യക്കാരനെന്ന നിലയിൽ, ഇന്ത്യൻ സാമൂഹ്യ യാഥാർത്ഥ്യങ്ങളെക്കുറിച്ചോ സാംസ്കാരിക ചരിത്രത്തെക്കുറിച്ചോ കുമരപ്പയ്ക്ക് വലിയ ബോധ്യങ്ങളൊന്നും ഉണ്ടായിരുന്നി

ല്ല. ഈയൊരു ന്യൂനത പരിഹരിക്കാൻ അദ്ദേഹം ഇന്ത്യാ ചരിത്രത്തെയും സാമൂഹ്യസംഘടനയെയും കുറിച്ച് ആഴത്തിലുള്ള പഠനങ്ങളിൽ ഏർപ്പെടുകയായിരുന്നു.

കൊളംബിയ സർവ്വകലാശാലയിൽ, ടാക്സേഷൻ മേഖലയിൽ വിദഗ്ധനായ എഡ്വിൻ സെലിഗ്മാന്റെ ശിക്ഷണത്തിൽ കുമരപ്പ 'പബ്ലിക് ഫിനാൻസ് ആന്റ് ഇന്ത്യാസ് പൊവർട്ടി' എന്ന പ്രബന്ധം തയ്യാറാക്കുകയുണ്ടായി. ഇന്ത്യയുടെ ദാരിദ്ര്യത്തിന്റെ കാരണങ്ങൾ സംബന്ധിച്ച് വിശാലമായ അന്വേഷണങ്ങൾ നടത്തുന്നതിന് പകരം ബ്രിട്ടീഷ് കൊളോണിയൽ സാമ്പത്തിക നയങ്ങളുടെ പങ്കിനെ കേന്ദ്രീകരിച്ചുള്ള പഠനമായിരുന്നു ഈ പ്രബന്ധത്തിൽ കുമരപ്പ നടത്തിയത്. സ്വാതന്ത്ര്യം, നീതി, സ്വയംഭരണം തുടങ്ങിയ വിഷയങ്ങളിന്മേലുള്ള അദ്ദേഹത്തിന്റെ ഉത്കണ്ഠകൾ ഈ പ്രബന്ധത്തിലൂടെ പ്രതിഫലിക്കുന്നതായി കാണാൻ സാധിക്കും. മൂന്ന് പതിറ്റാണ്ടിലേറെ നീണ്ടതും പലപ്പോഴും വിവാദാസ്പദവുമായ അദ്ദേഹത്തിന്റെ ജീവിതത്തിൽ, അപൂർണ്ണ രൂപത്തിലാണെങ്കിൽ പോലും, തന്റെ ആദ്യ പ്രബന്ധമായ പബ്ലിക് ഫിനാൻസിൽ കുമരപ്പ പ്രകടമാക്കിയ ആശയങ്ങളുടെയും മൂല്യങ്ങളുടെയും സ്ഥിരതയും നൈരന്തര്യവും നമുക്ക് കണ്ടെത്താൻ കഴിയും.

കുമരപ്പ കൈകാര്യം ചെയ്ത 'സാമ്പത്തിക കവർച്ച' എന്ന വിഷയം ഇന്ന് പരിചിതവും വലിയതോതിൽ ഗവേഷണ വിഷയമാക്കപ്പെട്ടതുമാണ്. ഭൂതകാലത്തിൽ നിരവധി പ്രശ്നങ്ങളെ ഇന്ത്യയ്ക്ക് അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും ബ്രിട്ടീഷ് ഭരണകാലത്ത് ഇതിന്റെ ആഴവും പ്രത്യാഘാതങ്ങളും വളരെ ഗുരുതരമായിരുന്നു. നികുതി ഇടപാടുകൾ അങ്ങേയറ്റം അന്യായപൂർണ്ണവും. അതിന്റെ പരിണിതഫലങ്ങൾ ഇന്ത്യയുടെ സാമ്പത്തിക മേഖലയിൽ ദീർഘകാല പ്രത്യാഘാതങ്ങൾ ഉളവാക്കി. ഇന്ത്യൻ ജനതയിൽ നിന്നും ശേഖരിച്ചിരുന്ന നികുതികൾ ഒന്നുകിൽ ഏറ്റവും ഉന്നതങ്ങളിലെ അധികാരവൃന്ദങ്ങളുടെ സുഖലോലുപതയ്ക്കുവേണ്ടി ചെലവഴിക്കുകയോ അല്ലെങ്കിൽ രാജ്യത്തിന് പുറത്തേക്കു കടത്തിക്കൊണ്ടു പോകുകയോ ചെയ്യുകയായിരുന്നു. ധനവ്യയത്തിലെ അസന്തുലിതാവസ്ഥയെ സംബന്ധിച്ച നിരവധി താരതമ്യ പഠനങ്ങൾ കുമരപ്പ നടത്തുകയുണ്ടായി. 1925-26 കാലയളവിൽ പൊതുകടം, മിലിട്ടറി, പൊതുഭരണം എന്നീ മേഖലകളിൽ അമേരിക്ക 48.8 % ചെലവഴിച്ചപ്പോൾ ബ്രിട്ടീഷ് ഇന്ത്യാ ഭരണകൂടം ഇതേമേഖലകളിൽ ചെലവഴിച്ചത് 93.7% മായിരുന്നുവെന്നും പൊതു സേവനമേഖലകളിൽ ചില്ലിക്കാശ് പോലും ചെലവഴിക്കുകയുണ്ടായില്ലെന്നും കുമരപ്പ തെളിവുകൾ നിരത്തുന്നുണ്ട്. ബ്രിട്ടീഷ് ഉദ്യോഗസ്ഥവൃന്ദത്തെ നിലനിർത്തുക എന്നതും കോളനിഭരണം നിയന്ത്രണത്തിലാക്കുവാൻ സൈന്യത്തെ സായുധസജ്ജരായി ഒരുക്കിനിർത്തുക എന്നതും അനഭിലഷണീയമായ ധനവ്യയത്തിലേക്ക് നയിക്കുന്നതാണ്. 'അമേരിക്കയുമായി താരതമ്യം ചെയ്യുമ്പോൾ ബ്രിട്ടീഷ് പൊതുഭരണ മേഖലയിലെ ചെലവ് അഞ്ച് മടങ്ങ് കൂടുതലായിരുന്നു'വെന്നും കുമരപ്പ വ്യക്തമാക്കുന്നു' (Kumarappa, J. C., Public Finance and Our Poverty: The Contribution of Public Finance to the Present Economic State of India, p. 20, Ahmedabad, Navajivan, third edition, 1948). റെയിൽവെ ചരക്കുഗതാഗതത്തിൽ അന്യായമായ രീതിയിലുള്ള താരിഫ് വ്യവസ്ഥകൾ വിദേശ സാധനങ്ങൾക്ക് അനുകൂലമായിരുന്നപ്പോൾ ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് തടസ്സം നേരിട്ടു. ഇത് പ്രാദേശിക വ്യവസായങ്ങൾക്ക് കനത്ത ആഘാതങ്ങളായിരുന്നു ഏൽപ്പിച്ചത്.

'പൊതുകടം' എന്ന വിഷയം 1920 കളിൽ വലിയൊരു രാഷ്ട്രീയ വിഷയമായിരുന്നു. കോളനി ഗവൺമെന്റ് സൃഷ്ടിച്ച പൊതുകടത്തിന്റെ കാര്യത്തിൽ സ്വതന്ത്ര ഇന്ത്യ എന്ത് നിലപാട് സ്വീകരിക്കേണം എന്നതിൽ കോൺഗ്രസ് തങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കാൻ ആഗ്രഹിച്ചിരുന്നു. 1922 ലെ ഗയാ സമ്മേളനത്തിൽ ഇതേക്കുറിച്ചുള്ള പരാമർശങ്ങൾ ഉയർന്നുവെങ്കിലും ലാഹോർ സമ്മേളനത്തിൽ വെച്ച് ഇതേക്കുറിച്ച് കൂടുതൽ വ്യക്തതയാർന്ന നിലപാടിലേക്ക് എത്തിച്ചേരുക

1925-26 കാലയളവിൽ പൊതുകടം, മിലിട്ടറി, പൊതുഭരണം എന്നീ മേഖലകളിൽ അമേരിക്ക 48.8 % ചെലവഴിച്ചപ്പോൾ ബ്രിട്ടീഷ് ഇന്ത്യാ ഭരണകൂടം ഇതേമേഖലകളിൽ ചെലവഴിച്ചത് 93.7% മായിരുന്നുവെന്നും പൊതു സേവനമേഖലകളിൽ ചില്ലിക്കാശ് പോലും ചെലവഴിക്കുകയുണ്ടായില്ലെന്നും കുമരപ്പ തെളിവുകൾ നിരത്തുന്നുണ്ട്.

➪ കുമരപ്പയെയാണ് ഈ സർവ്വേ നടത്തുന്നതിനായി ചുമതലപ്പെടുത്തിയത് ➪



1943 ലെ ബംഗാൾ ക്ഷാമം

1929ൽ അമേരിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങിയ അവസരത്തിൽ ധനവിനിയോഗം, സമ്പദ്ശാസ്ത്രം തുടങ്ങിയ മേഖലകളിൽ കുമരപ്പ നിഷ്ണാതനായിരുന്നുവെങ്കിലും ഗ്രാമീണ ഇന്ത്യയെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നില്ല. എന്നാൽ ഗാന്ധിയൻ ധാരയിലേക്കുള്ള കുമരപ്പയുടെ പെട്ടെന്നുള്ള പ്രവേശനം ഗ്രാമീണ ജീവിതത്തിന്റെ കഠിനയാഥാർത്ഥ്യങ്ങളെ സംബന്ധിച്ചുള്ള ധാരണകൾ അദ്ദേഹത്തിന് ലഭ്യമാക്കി. അങ്ങേയറ്റം വിനാശകാരിയായ നികുതി നിരക്കുകൾക്കെതിരെയും, ഭൂവിനിയോഗ നിർണ്ണയ നയങ്ങൾക്കെതിരെയും ഗുജറാത്തിലെ ദേശീയവാദികൾ വർഷങ്ങളായി പ്രക്ഷോഭത്തിലേർപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. ബാർഡോളി സത്യാഗ്രഹം ഇതിന് ഏറ്റവും നല്ല ഉദാഹരണമായി കണക്കാക്കാം. സ്ഥിതിവിവരക്കണക്കുകളുടെയും കണക്കുകളുടെ പിൻബലത്തിൽ, ചെപ്പടിവിദ്യ കൊണ്ട് മറുവാദമുയർത്താൻ സാധിക്കാത്ത വിധത്തിൽ ഇന്ത്യയുടെ സാമ്പത്തിക വികസനത്തിന് ഉതകുന്ന ഒരു സാമ്പത്തിക സർവ്വേ നടത്താൻ ഗാന്ധിജി ആഗ്രഹിച്ചിരുന്ന സമയമായിരുന്നു അത്. അതിനായി തെരഞ്ഞെടുത്ത ഗ്രാമം ഗുജറാത്തിലെ ഖേഡ ജില്ലയിലെ മാതേർ താലൂക്കായിരുന്നു. അങ്ങേയറ്റം ദരിദ്രപൂർണ്ണമായ അന്തരീക്ഷവും അധിവാസ നികുതി സംബന്ധിച്ച് മാതേർ താലൂക്കിന്റെ ചരിത്രവുമായിരുന്നു ഈയൊരു ഗ്രാമം തിരഞ്ഞെടുക്കുന്നതിനുള്ള കാരണം. കാലാവസ്ഥയുടെ ശോച്യാവസ്ഥ, കുറഞ്ഞ ജലവിതരണ സംവിധാനം, കടുത്ത കടബാദ്ധ്യത, ഒട്ടും അയവില്ലാത്ത നികുതി നിരക്കുകൾ എന്നിവയുടെ സമ്പൂർണ്ണ മിശ്രണമാണ് മാതേർ താലൂക്കിൽ കാണാൻ കഴിഞ്ഞിരുന്നത്. കുമരപ്പയെയാണ് ഈ സർവ്വേ നടത്തുന്നതിനായി ചുമതലപ്പെടുത്തിയത്. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള ആദ്യത്തെ ശ്രമമായിരുന്നു അത്. 'എ സർവ്വേ ഓഫ് മാതേർ താലൂക്ക: ഖേഡ ഡിസ്ട്രിക്ട്' അമ്പത്തിനാലോളം ഗ്രാമങ്ങളിലെ നികുതി സംവിധാനങ്ങളും കാർഷിക സമ്പദ്വ്യവസ്ഥയുടെ ആരോഗ്യവും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ച വിശദമായ ചിത്രം അവതരിപ്പിക്കുന്നുണ്ട്. ഇന്ത്യ രാഷ്ട്രീയമായ കുഴമറിച്ചലുകളിലൂടെ കടന്നുപോയ 1930കളുടെ ആദ്യപാദത്തിലായിരുന്നു കുമരപ്പ മാതേർ

യായിരുന്നു. സ്വതന്ത്ര സർക്കാർ രൂപീകരിക്കുന്ന സ്വതന്ത്ര കോടതി അംഗീകരിക്കാത്ത കടപ്പാടുകളും സൗജന്യങ്ങളും അന്യായമായ ഒന്നായിരിക്കും എന്ന അഭിപ്രായമായിരുന്നു ലാഹോർ കോൺഗ്രസിൽ ഉയർന്നത്. സ്വാഭാവികമെന്നോണം കറാച്ചി കോൺഗ്രസിൽ വെച്ച് ഇന്ത്യയുടെ പൊതുകടത്തെ സംബന്ധിച്ചുള്ള സൂക്ഷ്മ പരിശോധന നടത്തുന്നതിനായി കുമരപ്പ കൺവീനറായുള്ള സെലക്ട് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെയും തുടർന്നുള്ള ബ്രിട്ടീഷ് ഭരണകൂടത്തിന്റെയും സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച സൂക്ഷ്മപരിശോധന കമ്മറ്റി നടത്തുകയുണ്ടായി. 1100 കോടി പൊതുകടത്തിൽ 729 കോടി രൂപ നിയമസാധുതയുള്ളതോ പൊതുതാൽപ്പര്യത്തിന് നിരക്കുന്നതോ ആയിരുന്നില്ല എന്ന് കമ്മറ്റി കണ്ടെത്തി. ബാഹ്യയുദ്ധങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും വേണ്ടി ചെലവഴിക്കേണ്ടി വന്ന തുക ഇന്ത്യൻ അക്കൗണ്ടിലേക്ക് ചേർത്തത് സാധുതയില്ലാത്ത കാര്യമാണെന്നും കമ്മിറ്റി കണ്ടെത്തി. 1857ലെ കലാപം അടിച്ചമർത്താൻ ചെലവഴിച്ച 40 കോടി രൂപയും ഇന്ത്യയുടെ പൊതുകടത്തിൽ എഴുതിച്ചേർക്കപ്പെട്ടിരുന്നു എന്നതായിരുന്നു ഇന്ത്യയുടെ ദേശീയബോധത്തിന് ഏറ്റവും അപമാനകരമായ സംഗതി. രണ്ടാം വട്ടമേശ സമ്മേളനത്തിലെ കോൺഗ്രസിന്റെ ഏക പ്രതിനിധിയായി ഗാന്ധിജി ഇംഗ്ലണ്ടിലേക്ക് തിരിച്ച അതേസമയത്തായിരുന്നു റിപ്പോർട്ട് പുറത്തിറക്കിയത് എന്നത് അതിന്റെ രാഷ്ട്രീയമാനം വർദ്ധിപ്പിച്ചിരുന്നു.

താലൂക്ക് സർവ്വേ നടത്തിയിരുന്നത്. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ഏറ്റവും സുപ്രധാന ചുവടുവെപ്പായിരുന്ന ദാണ്ഡി മാർച്ച് പശ്ചാത്തലത്തിൽ രൂപംകൊള്ളുന്നുണ്ടായിരുന്നു. ദാണ്ഡി മാർച്ചിന് ശേഷം യംഗ് ഇന്ത്യയുടെ പത്രാധിപത്യം ഏറ്റെടുത്തതിന്റെ പേരിൽ കുമരപ്പയ്ക്ക് ജയിൽവാസം അനുഭവിക്കേണ്ടി വന്നു. പബ്ലിക് ഫിനാൻസ്, മാതേർ താലൂക്ക് സർവ്വേ എന്നീ രചനകൾകളിലൂടെ തന്റെ പാടവം വ്യക്തമാക്കിയ കുമരപ്പയെ അതിനേക്കാൾ ഉന്നതമായ ദൗത്യം ഏൽപ്പിക്കാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ.

1934 ഒക്ടോബറിൽ കോൺഗ്രസിൽ നിന്നും വിരമിക്കുന്നതായി ഗാന്ധിജി പ്രഖ്യാപിച്ചു. സജീവ രാഷ്ട്രീയത്തിൽ നിന്നുള്ള ഗാന്ധിജിയുടെ വിരമിക്കലിനെ അംഗീകരിച്ചതോടൊപ്പം തന്നെ അഖിലേന്ത്യാ ഗ്രാമീണ വ്യവസായ സംഘത്തിന്റെ രൂപീകരണത്തിനും കോൺഗ്രസ് അനുമതി നൽകി. ജനസഞ്ചയങ്ങളോടൊപ്പം പുരോഗമനപരമായ സമീകരണം സാധ്യമാക്കുക എന്ന ലക്ഷ്യം എ.ഐ.വി.ഐ.എയുടെ രൂപീകരണത്തിലൂടെ കോൺഗ്രസിന് നിറവേറ്റാനുണ്ടായിരുന്നു. മുൻകാലങ്ങളിൽ രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലേക്കും ഹരിജൻ ഫണ്ടിനായി ഗാന്ധിജി നിരന്തരം യാത്ര ചെയ്യുമായിരുന്നു. ലോകമൊട്ടാകെ സംഭവിച്ച സാമ്പത്തിക മാന്ദ്യത്തിന്റെ പരിണതഫലമെന്നോണം തുടർച്ചയായ കടപ്രതിസന്ധി സൃഷ്ടിച്ച സങ്കടാവസ്ഥയിൽ നിന്നും ഇന്ത്യയിലെ ഗ്രാമീണ കർഷകർ പതുക്കെ രക്ഷപ്പെടുന്നതേ ഉണ്ടായിരുന്നുള്ളൂ. ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഖാദി ഏകമാത്ര പരിഹാരമാകുകയില്ലെന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ-പ്രത്യേകിച്ചും ദരിദ്രമേഖലയിൽ- നിരന്തരമായി നടത്തിയ യാത്രകളിൽ നിന്നും ഗാന്ധി മനസിലാക്കിയിരുന്നു. 1932 ആയപ്പോഴേക്കും, ഖാദി പ്രചരിപ്പിക്കുന്നതിനായി ഗാന്ധി സ്ഥാപിച്ച അഖിലേന്ത്യാ സ്പിന്നേർസ് അസോസിയേഷൻ അയ്യായിരത്തിലധികം ഇന്ത്യൻ ഗ്രാമങ്ങളിൽ സജീവമാകുകയും ഒരു ദശകക്കാലത്തിനകം മൂന്ന് ലക്ഷം നെയ്ത്ത് തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും സഹായിക്കുകയും ചെയ്തു. വിജയകരമായ ഈ പരിപാടിയിൽ ഗ്രാമീണ വ്യവസായങ്ങളെക്കൂടി ഉൾപ്പെടുത്തി, ദുരിതത്തിലാഴ്ന്ന് നിൽക്കുന്ന കാർഷിക മേഖലയെ രക്ഷപ്പെടുത്തുക എന്നത് ഗാന്ധിയെ സംബന്ധിച്ച് വളരെ സ്വാഭാവികമായ ഒരു ചുവടുവെപ്പായിരുന്നു. അദ്ദേഹം കുമരപ്പയെ വർദ്ധയിൽ അഖിലേന്ത്യാ ഗ്രാമീണ വ്യവസായ സംഘം രൂപീകരിക്കാനും അതിനെ ഒരു ദേശീയ പരിപാടിയായി വികസിപ്പിക്കാനും ചുമതലപ്പെടുത്തി. കുമരപ്പയുടെ ജീവിതത്തിലെ സുപ്രധാന സംഗതിയായി ഇത് മാറി.

വിശാലമായ പൊതു പരിപ്രേക്ഷ്യങ്ങളിൽ വ്യാപരിക്കേണ്ടി വന്നപ്പോഴും സാധാരണക്കാരായ ആളുകൾക്ക് മനസിലാകുന്ന ഭാഷയിൽ സാമ്പത്തിക വിഷയങ്ങൾ അവതരിപ്പിക്കേണ്ടതുണ്ടെന്ന് കുമരപ്പയ്ക്ക് തോന്നിയിരുന്നു. സ്വാതന്ത്ര്യത്തിന്റെ കാലമെത്തിയപ്പോഴേക്കും സാമ്പത്തിക നയങ്ങളിലൂടെ ബ്രിട്ടീഷ് സാമ്രാജ്യത്വം എങ്ങിനെയാണ് ഇന്ത്യയെ ചൂഷണത്തിന് വിധേയമാക്കിക്കൊണ്ടിരുന്നത് എന്ന കാര്യം വിശദീകരിക്കുന്നതിനുള്ള ഒരുപദ്ധതി അദ്ദേഹം വികസിപ്പിച്ചെടുക്കുകയുണ്ടായി. അതിന്റെ ഫലമെന്ന നിലയിലായിരുന്നു, 'ക്ലൈവ് ടു കെയ്ൻസ്: എ സർവ്വേ ഓഫ് ദ ഹിസ്റ്ററി ഓഫ്  ഔവർ പബ്ലിക് ഡെറ്റ്സ് ആന്റ് ക്രെഡിറ്റ്സ്' എന്ന പ്രബന്ധം. യുദ്ധ ച്ചെലവുകൾ സൃഷ്ടിച്ച സമ്മർദ്ദവും അസംസ്കൃത വിഭവങ്ങളുടെ ഞെരുക്കവും കാരണം ബ്രിട്ടീഷുകാർ റിസർവ് ബാങ്ക് ഓഫ് ഇന്ത്യാ ആക്ടിലെ പിഴവുകൾ മുതലെടുത്ത് ഇന്ത്യൻ രൂപയ്ക്ക് തുല്യമായ രീതിയിൽ സ്റ്റെർലിംഗ് സെക്യൂരിറ്റീസിനെ നിലനിർത്തി. ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യുന്ന വസ്തുക്കൾക്ക് പകരമെന്ന നിലയിൽ ഈ സെക്യൂരിറ്റികൾ നിക്ഷേപിച്ചു. കൂടാതെ കറൻസി നോട്ടുകളുടെ വിതരണം 1939ൽ 200 കോടിയും 1944ൽ 1000 കോടിയുമായി വർദ്ധിപ്പിച്ചു. ഈ നീക്കം അങ്ങേയറ്റം അനാരോഗ്യകരമായ ഒന്നാണെന്ന് കുമരപ്പ വിശ്വസിച്ചിരുന്നു. (Kumarappa, J. C., Why The Village Movement ? A Plea for a VillageCentred Economic Order in India, pp. 55-56, Kashi, Akhil Bharat Sarva Seva Sangh, reprint of Fifth Edition, 1960).

1942ന്റെ അവവസാനനാളുകളോടെ സ്ഥിതിഗതികൾ കൂടുതൽ ഭയാശങ്കകൾ നിറഞ്ഞതായി മാറി. യുദ്ധത്തിന്റെ പരിണാമങ്ങളെന്തായിരിക്കും എന്ന് ഇനിയും തീർച്ചയായിട്ടില്ല. 'യുദ്ധത്തിൽ ബ്രിട്ടന് പരാജയം ഏറ്റുവാങ്ങേണ്ടി വരികയാണെങ്കിൽ അതിന്റെ ഗുരുതരമായ ഭവിഷ്യത്തുകൾ അനുഭവിക്കേണ്ടി വരിക ഇന്ത്യയ്ക്കായിരിക്കും. കാരണം ബ്രിട്ടൻ നൽകിയ സെക്യൂരിറ്റികൾക്ക് അത് അച്ചടിച്ച കടലാസിന്റെ വിലപോലും ഉണ്ടായിരിക്കുകയില്ലെന്ന്' കുമരപ്പയ്ക്ക് ബോദ്ധ്യമുണ്ടായിരുന്നു (Kumarappa, J. C., A Stone for Bread, Gram Udyog Patrika, 7(12) , December

⇨ ബൗദ്ധിക വരേണ്യവർഗ്ഗം കുമരപ്പയുടെ ദർശനങ്ങളെ അപ്രായോഗികമെന്നു വിലയിരുത്തി ⇨

1942). ബ്രിട്ടീഷുകാർ തങ്ങളുടെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തിരക്കിട്ട നീക്കങ്ങൾ നടത്തുകയായിരുന്നു. ഇതിനായി യുണൈറ്റഡ് കിംഗ്ഡം കമേർഷ്യൽ കോർപറേഷൻ രൂപീകരിക്കുകയും ഭക്ഷ്യധാന്യങ്ങൾ, ചായ, ചണം തുടങ്ങിയ വസ്തുക്കൾ കയറ്റുമതി ചെയ്യുകയും ചെയ്തു. ഇന്ത്യൻ ഖജനാവിൽ നിന്ന് 30 ദശലക്ഷം പൗണ്ട് റെയിൽവേ ബോണ്ടുകൾക്കുള്ള ഭാവി പലിശ എന്ന നിലയിൽ തങ്ങളുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യാനുള്ള നീക്കവും ആരംഭിച്ചിരുന്നു. പുരകത്തുമ്പോൾ വാഴവെട്ടുന്ന ബ്രിട്ടീഷ് തന്ത്രം കുമരപ്പയെ കുപിതനാക്കി. അങ്ങേയറ്റം അനിശ്ചിതത്വം നിറഞ്ഞ ഈയൊരു ഘട്ടത്തിൽ സാധാരണ ഭാരതീയ പൗരന്റെ താൽപ്പര്യങ്ങൾ നെഞ്ചേറ്റിയ കുമരപ്പ തികച്ചും പ്രായോഗികമായ ഒരു പരിഹാരം മുന്നോട്ടുവെക്കുകയുണ്ടായി. കുമരപ്പ ഗ്രാമീണരോട് ഉപദേശിച്ചത്, കടലാസ് പണത്തിന് പകരമായി തങ്ങളുടെ ചരക്കുകൾ നൽകരുതെന്നും സാധനസാമഗ്രികൾ പകരമായി സ്വീകരിക്കണമെന്നുമായിരുന്നു. സാമ്പത്തിക ദുഃസ്ഥിതിയിൽ നിന്ന് താൽക്കാലികാശ്വാസം നൽകുന്ന രീതിയിൽ ഒരു തരത്തിലുള്ള ബാർട്ടർ സംവിധാനം അങ്ങിനെ നിലവിൽ വന്നു.

•••

ഡോ. കുമരപ്പയുടെ സാമ്പത്തിക ചിന്തകളെ പരിഗണിക്കുമ്പോൾ അദ്ദേഹം ഒരു ദാർശനികനോ സൈദ്ധാന്തികനോ അല്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ഗാന്ധിയെപ്പോലെ തന്നെ അദ്ദേഹവും ഒരു പ്രായോഗികമതിയായിരുന്നു. അദ്ദേഹത്തിന്റെ സാമ്പത്തിക ദർശനം ഒരേസമയം സുപ്രധാനവും അർത്ഥപൂർണ്ണവും ആയിരിക്കുമ്പോഴും അത് അക്കാദമിക് സൈദ്ധാന്തീകരണങ്ങളുടെ ഉല്പന്നമാരുന്നില്ല. മനുഷ്യാവസ്ഥയെ സംബന്ധിച്ച അദ്ദേഹത്തിന്റെ ഏറ്റവും ഗഹനമായ പഠനങ്ങൾപോലും തന്റെ സഹജീവികളിലെ ഏറ്റവും ദരിദ്രരായ മനുഷ്യരുമായുള്ള നിസ്വാർത്ഥമായ സമീകരണത്തിൽ നിന്ന് ഉരുവെടുത്തതായിരുന്നു. 1930കളിൽ ഒരു ഫിലോസഫർ എന്ന നിലയിൽ വികസിച്ചുകൊണ്ടിരുന്നപ്പോഴും അദ്ദേഹത്തിന്റെ വായനക്കാർ മുഖ്യധാരാ പണ്ഡിത വരേണ്യവർഗ്ഗത്തിന് പുറത്തുള്ളവരായിരുന്നു. കുമരപ്പയുടെ ഭാഷാശൈലി മതത്തിലും പാരമ്പര്യത്തിലും വേരൂന്നിയിട്ടുള്ളതായിരുന്നു. സിദ്ധാന്തത്തെയും പ്രയോഗത്തെയും കേന്ദ്രസ്ഥാനത്തുനിർത്തിക്കൊണ്ടുള്ള സൈദ്ധാന്തീകരണമായിരുന്നു കുമരപ്പയുടേതെന്ന് വളരെ കുറച്ചുപേർ മാത്രമേ അദ്ദേഹത്തിന്റെ കാലത്ത് മനസിലാക്കിയിരുന്നുള്ളൂ. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ മുൻനിര നേതാക്കൾ കുമരപ്പയുടെ സാമ്പത്തിക നയങ്ങൾ ഉൾക്കൊള്ളാൻ മാത്രം ഈ വിഷയത്തിൽ ബൗദ്ധികനിലവാരം ഉള്ളവരായിരുന്നില്ല. മറുഭാഗത്ത്, ഇന്ത്യയിലെ അക്കാലത്തെ ബൗദ്ധിക വരേണ്യവർഗ്ഗം കുമരപ്പയുടെ ദർശനങ്ങളെ അപ്രായോഗികമെന്നു വിലയിരുത്തി അവഗണിക്കുകയായിരുന്നു.

മനുഷ്യന്റെ സാമ്പത്തിക ദുർദ്ദശയുടെ ഏറ്റവും സുപ്രധാന ഘടകങ്ങളെ സംബന്ധിച്ച ആഴത്തിലുള്ള വിലയിരുത്തലുകളെ കുമരപ്പയുടെ ദർശനശാസ്ത്രം പ്രതിനിധീകരിക്കുന്നുണ്ട്. വ്യക്തിയുടെ അടിസ്ഥാന സ്വഭാവം, മൂല്യസിദ്ധാന്തം, ജോലിയുടെ സ്വഭാവം, തൊഴിൽ വിഭജനം, ഭരണകൂടത്തിന്റെ പങ്ക്, സ്വത്തിന്മേലുള്ള അവകാശം, കൈമാറ്റം ചെയ്യാനുള്ള മാധ്യമമെന്ന നിലയിൽ നാണയം എന്നീ മേഖലകളിലെ സാമ്പത്തികസിദ്ധാന്തപരവും ദാർശനികവുമായ അടിസ്ഥാനപ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടുള്ള, ആന്തരികസ്ഥിരതയാർന്ന ഒരു ചിന്താസരണി വികസിപ്പിച്ചെടുക്കാൻ കുമരപ്പയ്ക്ക് സാധിച്ചു. എ.ഐ.വി.ഐ.എ നിലവിൽ വന്ന് രണ്ട് വർഷത്തിന് ശേഷം, 1936ൽ കുമരപ്പ തന്റെ ആദ്യത്തെ ദാർശനിക ലഘുഗ്രന്ഥം പുറത്തിറക്കി. തന്റെ സാമ്പത്തിക ചിന്തകളുടെ സൈദ്ധാന്തിക അടിത്തറയെന്താണെന്നും ഗ്രാമീണ വ്യവസായത്തെ പുനരുദ്ധരിക്കുവാനുള്ള കർമ്മപരിപാടികളെന്തെന്നും അദ്ദേഹം ഈ ഗ്രന്ഥത്തിലൂടെ വി

മനുഷ്യാവസ്ഥയെ സംബന്ധിച്ച അദ്ദേഹത്തിന്റെ ഏറ്റവും ഗഹനമായ പഠനങ്ങൾപോലും തന്റെ സഹജീവികളിലെ ഏറ്റവും ദരിദ്രരായ മനുഷ്യരുമായുള്ള നിസ്വാർത്ഥമായ സമീകരണത്തിൽ നിന്ന് ഉരുവെടുത്തതായിരുന്നു. 1930കളിൽ ഒരു ഫിലോസഫർ എന്ന നിലയിൽ വികസിച്ചുകൊണ്ടിരുന്നപ്പോഴും അദ്ദേഹത്തിന്റെ വായനക്കാർ മുഖ്യധാരാ പണ്ഡിത വരേണ്യവർഗ്ഗത്തിന് പുറത്തുള്ളവരായിരുന്നു. കുമരപ്പയുടെ ഭാഷാശൈലി മതത്തിലും പാരമ്പര്യത്തിലും വേരൂന്നിയിട്ടുള്ളതായിരുന്നു.

ശദമാക്കി. 'വൈ ദ വില്ലേജ് മൂവ്മെന്റ്: എ പ്ലീ ഫോർ എ വില്ലേജ് സെന്റേർഡ് ഇക്കണോമിക് ഓർഡർ' എന്ന ഗ്രന്ഥം ഗാന്ധിയൻ സാമ്പത്തികദർശനത്തിന്റെ അടിത്തറയായും ഗാന്ധിയൻ സാമൂഹ്യ-സാമ്പത്തിക പരിപാടിയുടെ കർമ്മരേഖയായും മാറി. ഏതാനും വർഷങ്ങൾക്ക് ശേഷം, ക്വിറ്റ് ഇന്ത്യാ മൂവ്മെന്റിന്റെ കാലത്ത് കുമരപ്പയെ ബ്രിട്ടീഷ് സർക്കാർ ജയിലിലടക്കുകയുണ്ടായി. ജബൽപൂർ ജയിൽവാസത്തിനിടയിലാണ് അദ്ദേഹത്തിന്റെ സുപ്രധാനങ്ങളായ രണ്ട് കൃതികളുടെ രചനകൾ നിർവ്വഹിച്ചത്. ആദ്യ കൃതിയായ 'പ്രാക്ടീസ് ആന്റ് പേർസെപ്റ്റ്സ് ഓഫ് ജീസസിൽ' അദ്ദേഹം യേശുവിന്റെ മൂലപാഠങ്ങൾ പകർന്നു നൽകുകയും സംഘടിത ക്രിസ്തുമതം ജനങ്ങൾക്ക് മുന്നിൽ അവതരിപ്പി



ച്ചത് സത്യത്തിൽ നിന്ന് വളരെ അകന്ന ഒന്നായിരുന്നുവെന്ന് ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. രണ്ടാമത്തെ ഗ്രന്ഥം, കുമരപ്പയുടെ സാമ്പത്തിക ചിന്തകളുടെ പ്രമാണ ഗ്രന്ഥമെന്ന് വിളിക്കാവുന്ന 'എക്കണോമി ഓഫ് പെർമനൻസ്: എ ക്വസ്റ്റ് ഫോർ എ സോഷ്യൽ ഓർഡർ ബേസ്ഡ് ഓൺ നോൺ വയലൻസ്' ആയിരുന്നു. ഗാന്ധിയൻ സംവാദങ്ങളിൽ ഹരിതചിന്തകളുടെ ഉദാഹരണമായി ചൂണ്ടിക്കാട്ടപ്പെടുന്നത് പലപ്പോഴും കുമരപ്പയുടെ ഈയൊരു മഹത്തായ കൃതിയെയാണ്.

ഒരൊറ്റ ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തി കുമരപ്പയെക്കുറിച്ചുള്ള വിലയിരുത്തലിന് പരിമിതികൾ ഉണ്ടെങ്കിൽ കൂടിയും കുമരപ്പൻ ചിന്തകളുടെയും പ്രയോഗങ്ങളുടെയും വികാസം കൂടുതൽ പ്രകടമാകുന്നത് 'വൈ വില്ലേജ് മൂവ്മെന്റ്' എന്ന ഗ്രന്ഥത്തിലൂടെയാണ് എന്ന് നമുക്ക് പറയാൻ സാധിക്കും. കുമരപ്പയുടെ ചിന്താപദ്ധതി സത്യം – അഹിംസ എന്നീ ഗാന്ധിയൻ മൂല്യങ്ങളിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണെന്ന് നിസ്സംശയമായും പറയാൻ സാധിക്കും. 'ഗാന്ധിയുടെ ജീവിതത്തിന്റെ സവിശേഷതയായി എന്തെങ്കിലും ചൂണ്ടിക്കാട്ടാനുണ്ടെങ്കിൽ അത് സത്യം അഹിംസ എന്നിവയോടുള്ള അദ്ദേഹത്തിന്റെ സമർപ്പണമാണ്. അദ്ദേഹത്തിന്റെ പേരുമായി ബന്ധപ്പെടുത്തി ഏതെങ്കിലും സാമ്പത്തിക ശാസ്ത്രം ഉണ്ടെങ്കിൽ അത് നിർബ്ബന്ധമായും ഈ അടിസ്ഥാന മൂല്യങ്ങൾക്ക് ഉത്തരം നൽകേണ്ടതായി വരും' (J. C. Kumarappa, The Gandhian Economy and Other Essays, p. 1, Wardha, The All India Village Industries Association, second edition, 1949). കുമരപ്പ രണ്ട് ദശകക്കാലത്തിനിടയിൽ ഈയൊരു കാഴ്ചപ്പാടിനെ നിരന്തരമായി വികസിപ്പിക്കാനും പരിഷ്കരിക്കാനും ശ്രമിച്ചുകൊണ്ടിരുന്നു എന്നത് വസ്തുതയാണ്. 1930ൽ തന്റെ ബൃഹത്തായ രചനാത്മക പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് മുന്നെ തന്നെ സ്വാഭാവികക്രമത്തെ അടിസ്ഥാനപ്പെടുത്തിയ ഒരു സമ്പദ്വ്യവസ്ഥയ്ക്കായി അദ്ദേഹം വാദിച്ചിരുന്നു: "മനുഷ്യനിർമ്മിത സ്ഥാപനങ്ങളെക്കുറിച്ചുള്ള നമ്മുടെ പഠനത്തിനിടയിൽ നമ്മുടെ മഹത്തായ ഗുരു-പ്രകൃതി മാതാവ്-വിനെ വിസ്മരിക്കാൻ പാടുള്ളതല്ല. നമ്മൾ നിർമ്മിച്ചെടുക്കുന്ന എന്തും അവളുടെ വഴിക്ക് തടസ്സം സൃഷ്ടിക്കുന്നതാണെങ്കിൽ അവൾ അത് നിഷ്കരുണം നിർമ്മാർജ്ജനം ചെയ്യും. പ്രകൃതിയിലുള്ള എല്ലാംതന്നെ കൃത്യമായ ഒരു ചാക്രികതയെ പിന്തുടരുന്നുണ്ട്. കടൽജലം ബാഷ്പമായി മുകളിലേക്ക് ചെല്ലുകയും ശുദ്ധജലമായി ഭൂമിയിലേക്കും പിന്നീട് കടലിലേക്കും തിരിച്ചുചെല്ലുന്നു.... ഈയൊരു അടിസ്ഥാന പ്രക്രിയ വിസ്മരിച്ചുകൊണ്ട് തങ്ങളുടെ സ്ഥാപനങ്ങൾ കെട്ടിപ്പൊക്കുന്ന ഒരു രാഷ്ട്രം തീർച്ചയായും നാശത്തിലേക്ക് ചെന്നെത്തും." (Rebuilding India, speech delivered on 5th November 1930 at Lahore. Speeches and Writings, vol. 4, item 4., Kumarappa Papers. Emphasis added).

എല്ലാ ജീവികളും സഹകരിക്കുന്ന, ജീർണ്ണിക്കുകയും പുനർനിർമ്മിക്കപ്പെടുകയും ചെയ്യുന്ന ജീവിതചക്രമെന്ന അടിസ്ഥാനപ്ര

ക്രിയയെ കുമരപ്പ തിരിച്ചറിഞ്ഞിരുന്നു. ബോധപൂർവ്വമോ അല്ലാതെയോ ഏതെങ്കിലും ഘട്ടത്തിൽ ഈ ചാക്രികത ലംഘിക്കപ്പെടുകയാണെങ്കിൽ അതിന്റെ പരിണതഫലം ഹിംസയായിരിക്കും. കൊളംബിയ യൂണിവേർസിറ്റിയിൽ വിദ്യാർത്ഥിയായിരിക്കുന്ന അവസരത്തിൽ പോലും പൊതുധനത്തെ ഒരു ആദർശാത്മക സ്വാഭാവിക ക്രമമായി വ്യാഖ്യാനിക്കുകയുണ്ടായി. “ഭൂമിയിലെ പ്രകൃതി വിഭവങ്ങൾ മിതവ്യയം ചെയ്യാനുള്ള ശക്തമായ ഒരു ഉപകരണമാണ് പൊതുധനമെന്നും കടലിൽ നിന്ന് ബാഷ്പമെന്ന പോലെ സമൂഹത്തിലെ ധനികവിഭാഗത്തിൽ നിന്നും നികുതി പിരിച്ചെടുത്ത് ജനങ്ങളിലെ ആവശ്യക്കാർക്കിടയിൽ മഴപോലെ പെയ്തിറങ്ങുകയും വേണമെന്ന്” അദ്ദേഹം പറയുന്നു. (Public Finance, pp. 1-4).

ഭൗതികവും ജൈവീകവുമായ ചാക്രികതയെക്കുറിച്ച് കുമരപ്പ വിശദീകരിക്കുമ്പോൾ സ്വാഭാവിക ക്രമത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ ബോദ്ധ്യം മനുഷ്യജീവിതത്തെ സംബന്ധിച്ച വിധികൽപിത വിശ്വാസത്തിൽ നിന്നും വളരെ വ്യത്യസ്തമായ ഒന്നാണെന്ന് നാം തിരിച്ചറിയുന്നു. അതിലുപരി, സ്വാഭാവിക ക്രമം അടങ്ങിയിരിക്കുന്ന ഒരു സമ്പദ്വ്യവസ്ഥ ആഴത്തിലുള്ള ധാർമ്മികതയിലും, കൃത്യമായി നിർവ്വചിക്കപ്പെട്ട അവകാശങ്ങളിലും നൈതിക കടമകളിലും അതിലെ എല്ലാ പങ്കാളികളെയും ബാദ്ധ്യസ്ഥരാക്കുന്നു. കൂടാതെ, എല്ലാവരുടെയും ക്ഷേമത്തിനായി സംഭാവനകൾ അർപ്പിക്കുകയും ചെയ്യുന്നു. അവകാശങ്ങളുടെയും കടമകളുടെയും കണ്ണികൾ പൊട്ടുന്ന മുറയ്ക്ക്, ഈ ആദർശാത്മക സ്വാഭാവികക്രമം തിരിച്ചറിയാൻ കഴിയുന്ന ഏകജീവി മനുഷ്യനാണ് എന്നതിനാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം അവ കൂട്ടിയോജിപ്പിക്കുവാനുള്ള സവിശേഷ നൈതിക ബാദ്ധ്യത ഇക്കാര്യത്തിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ, സ്വാഭാവിക ക്രമത്തിനോട് സത്യസന്ധമായി പ്രതികരിക്കുമ്പോഴും സമൂഹത്തിന്റെ പൊതുനന്മയ്ക്കായി അവരുടെ സ്വതന്ത്രേച്ഛ പ്രയോഗിക്കുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. (Economy of Permanence, pp. 11-12.)

വ്യക്തികളുടെ പങ്കിനെ സംബന്ധിച്ച ഈയൊരു ബോദ്ധ്യം സാമൂഹിക വികാസപരിണാമങ്ങളെക്കുറിച്ചുള്ള കുമരപ്പയുടെ ധാരണയുമായി ബന്ധപ്പെട്ടുനിൽക്കുന്നതാണ്. അവകാശങ്ങളും കടമകളും ബഹുമാനിക്കപ്പെടുന്ന ഒരു സമ്പദ്വ്യവസ്ഥ ആ സമൂഹത്തിന്റെ സാമൂഹികവും ധാർമ്മികവുമായ വികാസത്തെ പ്രതിഫലിപ്പിക്കുന്നു. സാമൂഹിക പരിണാമത്തെ സംബന്ധിച്ച തന്റെ സിദ്ധാന്തത്തിൽ സ്വാഭാവിക ലോകക്രമത്തിൽ അവ എങ്ങിനെ പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച വർഗ്ഗീകരണം അദ്ദേഹം വളരെ തന്മയത്വത്തോടെ അവതരിപ്പിക്കുന്നുണ്ട്. അഞ്ച് വ്യത്യസ്ത പട്ടികകളിലായി പ്രകൃതി സമ്പദ് വ്യവസ്ഥയെ കുമരപ്പ വർഗ്ഗീകരിക്കുന്നു: ‘പരാദ സമ്പദ് വ്യവസ്ഥ’ (Parasitic Economy), ‘ഇരപിടിയൻ സമ്പദ്വ്യവസ്ഥ’ (Predatory Economy), ‘പരിശ്രമശാലി സമ്പദ്വ്യവസ്ഥ’ (Economy of Enterprises), ‘സമൂഹസമ്പദ്വ്യവസ്ഥ’ (Economy of Gregation), ‘സേവന സമ്പദ്വ്യവസ്ഥ’ (Economy of Service) എന്നിവയാണവ.

സമൂഹം വിനിയോഗിക്കുന്ന ഭൗതിക വസ്തുക്കളുടെ രണ്ട് അടിസ്ഥാന വ്യത്യാസങ്ങളെക്കുറിച്ച് കുമരപ്പയ്ക്ക് ബോദ്ധ്യമുണ്ടായിരുന്നു. ധാതുക്കൾ, കൽക്കരി, പെട്രോളിയം തുടങ്ങിയ പരിമിത വിഭവങ്ങളും മരങ്ങൾ, പരുത്തി, വെള്ളം തുടങ്ങിയ മനുഷ്യ പ്രയത്നം കൊണ്ട് ഉത്പാദനം സാധ്യമായ വിഭവങ്ങളും. ഭൗതിക വിഭവങ്ങളുടെ പരിമിതികളെയും സാധ്യതകളെയും സംബന്ധിച്ച ഈയൊരു ബോദ്ധ്യം ‘റിസർവ്വോയർ എക്കണോമി’ എന്നും ‘കറന്റ് എക്കണോമി’ എന്നുമുള്ള രണ്ട് വ്യത്യസ്ത ധാരകളെക്കുറിച്ചുള്ള സൂചനകൾ നൽകുന്നു. കുമരപ്പൻ ദർശനത്തിൽ റിസർവ്വോയർ എക്കണോമി അതിന്റെ അടിസ്ഥാന സ്വഭാവത്തിൽ പ്രിഡേറ്ററി സമ്പദ്വ്യവസ്ഥയാണ്. കാരണം, സമൂഹം ഉപയുക്തമാക്കുന്ന പ്രകൃതി വിഭവങ്ങളുടെ ഉത്പാദനത്തിൽ മനുഷ്യൻ യാതൊരു സംഭാവനയും നൽകുന്നില്ല എന്നതുതന്നെ. ഇത് കടമകളെയും ബാദ്ധ്യതകളെയും സംബന്ധിച്ച കണ്ണികളിൽ വിള്ളലുണ്ടാക്കുകയും തത്ഫലമായി ഹിംസയിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. മറുഭാഗത്ത് കറന്റ് എക്കണോമി കടമകൾക്കും ബാദ്ധ്യതകൾക്കും വിധേയമായി പ്രവർത്തിക്കുവാൻ സമൂഹത്തെ നിർബ്ബന്ധിതമാക്കുന്നു. അതുകൊണ്ടുതന്നെ സമൂഹനിർമ്മാണം അടിസ്ഥാനപരമായി പുനരുൽപ്പാദനം സാധ്യമാകുന്ന വിഭവങ്ങളെ ആധാരമാക്കി വേണം സാധ്യമാക്കാനെന്ന് കുമരപ്പ ഉപദേശിക്കുന്നു. പുനരുൽപ്പാദനം സാധ്യമാകാത്ത വിഭവങ്ങൾ വിവേചനരഹിതമായി ഉപയോഗിക്കുന്നതിനെതിരെ ഉയർന്ന ആദ്യത്തെ ശബ്ദമായി കുമരപ്പയുടെ വാദത്തെ പരിഗണിക്കാവുന്നതാണ്.

അഹിംസാത്മക സാമ്പത്തിക ക്രമത്തിന്റെ കേന്ദ്രസ്ഥാനത്തു നിൽക്കുന്ന അവകാശ

ങ്ങളുടെയും കടമകളുടെയും അനശ്വര തത്വം മനസിലാക്കുന്നതിൽ 'കൈമാറ്റ മൂല്യം' തെറ്റായ വഴികാട്ടിയാണെന്ന് കുമരപ്പ വിശ്വസിക്കുന്നു. സുസ്ഥിര സമ്പദ്‌വ്യവസ്ഥ ആഗ്രഹിക്കുന്ന ഒരു സമൂഹം വ്യക്തിഗത മുൻഗണനകളിൽ നിന്നുരുവായ ഒരു കൂട്ടം മൂല്യങ്ങളെ മാനദണ്ഡമായി സ്വീകരിക്കുവാൻ സാധ്യമല്ല, ഈ മുൻഗണനകളുടെ നശ്വര സ്വഭാവം തന്നെയാണ് അതിന് കാരണം. കുമരപ്പയെ സംബന്ധിച്ചിടത്തോളം സാമ്പത്തിക കൊടുക്കൽ വാങ്ങലുകൾ കേവലം ഭൗതിക വസ്തുക്കളുടേതുമാത്രമല്ല, അത് നൈതികതയുടെ കൊടുക്കൽ വാങ്ങൽ കൂടിയാണ്. ഉദാഹരണത്തിന്, ചൂഷണവ്യവസ്ഥയെ അടിസ്ഥാനമാക്കി നിർമ്മിച്ച ഒരു ഉത്പന്നം വാങ്ങുന്ന ഉപഭോക്താവ് ആ ഉത്പന്നം നിർമ്മിച്ച ദുഷിച്ച വ്യവസ്ഥയിലെ പങ്കാളികയാവുകയാണ്. ഉത്പാദകനും ഉപഭോക്താവിനും ഇടയിലുള്ള ദൂരം ഉത്പന്നത്തിന് പിറകിലെ നൈതികതയെ വിലയിരുത്തുന്നതിന് വിഘാതമാകുന്നു. വികേന്ദ്രീകൃത ഉത്പാദനം, പ്രാദേശിക ഉപഭോഗം എന്ന കുമരപ്പയുടെ കുറിപ്പടിയുടെ അടിസ്ഥാനമിതാണ്.

കുമരപ്പയെ സംബന്ധിച്ചിടത്തോളം പണം എന്നത് സാമ്പത്തിക ഇടപാടുകളിലെ നൈതിക മൂല്യനിർണ്ണയത്തിന് വിഘാതം സൃഷ്ടിക്കുന്നുവെന്നുമാത്രമല്ല ആന്തരികാർത്ഥത്തിൽ അസമത്വത്തിനും ചൂഷണത്തിനും കാരണമാകുന്നു. പണം മറ്റ് ഭൗതിക സാമഗ്രികളെപ്പോലെ ജീർണ്ണിക്കുന്നില്ലെന്ന് മാത്രമല്ല ഭൗതിക വസ്തുക്കളുടെ നിരന്തരമായ മൂല്യശോഷണത്തിന് കാരണമാകുകയും ചെയ്യുന്നു. നശ്വര വസ്തുക്കളുമായി സാമ്പത്തിക കൈമാറ്റങ്ങൾ നടക്കുമ്പോൾ ഇത് പൂർണ്ണമാകുന്നതായും കുമരപ്പ പറയുന്നു.

കുമരപ്പയെ സംബന്ധിച്ചിടത്തോളം പണം എന്നത് സാമ്പത്തിക ഇടപാടുകളിലെ നൈതിക മൂല്യനിർണ്ണയത്തിന് വിഘാതം സൃഷ്ടിക്കുന്നുവെന്നുമാത്രമല്ല ആന്തരികാർത്ഥത്തിൽ അസമത്വത്തിനും ചൂഷണത്തിനും കാരണമാകുന്നു. പണം മറ്റ് ഭൗതിക സാമഗ്രികളെപ്പോലെ ജീർണ്ണിക്കുന്നില്ലെന്ന് മാത്രമല്ല ഭൗതിക വസ്തുക്കളുടെ നിരന്തരമായ മൂല്യശോഷണത്തിന് കാരണമാകുകയും ചെയ്യുന്നു. നശ്വര വസ്തുക്കളുമായി സാമ്പത്തിക കൈമാറ്റങ്ങൾ നടക്കുമ്പോൾ ഇത് പൂർണ്ണമാകുന്നതായും കുമരപ്പ പറയുന്നു.

സത്യസന്ധമായ കൊടുക്കൽ വാങ്ങലുകളിൽ വസ്തുക്കളുടെ മൂല്യങ്ങൾ മാത്രമായി കൈമാറ്റം ചെയ്യപ്പെടുന്നില്ല, അതോടൊപ്പം മനുഷ്യന്റെ നൈതികമൂല്യങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നു. ധനത്തെ ആധാരമാക്കിയുള്ള കൊടുക്കൽ വാങ്ങലുകളിൽ ഇവ കൈമാറ്റം ചെയ്യപ്പെടുന്നില്ല. ജീർണ്ണിച്ചുപോകുന്ന വസ്തുക്കളായ പഴമോ മത്സ്യമോ വിൽപ്പന ചെയ്യുന്നയാളിന്റെ വിലപേശൽ ശക്തിയല്ല സ്വർണ്ണം പോലുള്ള ജീർണ്ണിക്കാത്ത വസ്തുക്കൾ കയ്യിലുള്ള ഗുണഭോക്താവിന്റേത്. പണമിടപാടുകളിലെ വളർച്ച സമത്വത്തിന്റെയും നീതിയുടെയും എല്ലാ വ്യവസ്ഥകളും ലംഘിക്കുന്നു. (Economy of Permanence, p. 36).

നമ്മുടേതുപോലുള്ള ഒരു കാർഷിക രാജ്യത്തിൽ പരിവർത്തന വിധേയമല്ലാത്ത വാങ്ങൽശക്തിയുടെ സമാഹരണത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ കുമരപ്പ, ധന സമ്പദ്‌വ്യവസ്ഥയ്ക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിനും ഏറ്റക്കുറച്ചിലുകളും ഊഹക്കച്ചവടങ്ങളും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ പരിമിതപ്പെടുത്തുന്നതിനുമായി 'വിവിധോദ്ദേശ സഹകരണ സംഘങ്ങൾ' എന്ന നിർദ്ദേശം മുന്നോട്ടുവെക്കുന്നു. (Village Movement, p. 41). ആധുനിക പ്രാദേശിക നാണയ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച സംവാദങ്ങൾ യഥാർത്ഥത്തിൽ കുമരപ്പ ദശാബ്ദങ്ങൾ മുന്നേതന്നെ ദീർഘദർശനം ചെയ്തിരുന്നു. അതിലുപരിയായി, ധനകൈമാറ്റത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സമ്പദ്‌വ്യവസ്ഥ നിയന്ത്രണമില്ലാത്ത ധന കേന്ദ്രീകരണത്തിന് സൗകര്യമൊരുക്കിക്കൊടുന്നതായും അത്തരമൊരു വ്യവസ്ഥ ആദർശാത്മക സ്വാഭാവിക ക്രമത്തിന് വിരുദ്ധമായ ഒന്നാണെന്ന് അദ്ദേഹം വിലയിരുത്തുകയും ചെയ്തു. ഹിംസയും ചൂഷണവുമില്ലാതെ അനിയന്ത്രിതമായ സാമ്പത്തിക കേന്ദ്രീകരണം സാധ്യമല്ല.

ഒരു ആദർശാത്മക സമൂഹത്തെക്കുറിച്ചുള്ള കുമരപ്പയുടെ ബോധ്യത്തിന്റെ കേന്ദ്രസ്ഥാനമെന്നത്, സമൂഹത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിൽ മർമ്മപ്രധാനമായിട്ടുള്ളത് വ്യക്തിതലത്തിലുള്ള സ്വയംഭരണാധികാരമാണ് എന്ന തിരിച്ചറിവാണ്. അതിലുമുപരിയായി, രാഷ്ട്രീയവും സാമൂഹികവുമായ സ്വാതന്ത്ര്യം ഏറ്റവും ഉചിതമായി കുടികൊള്ളുന്നത് സാമ്പത്തിക സ്വാതന്ത്ര്യത്തിന്മേലാണ്. അഹിംസാത്മകമായ ഏത് സാമൂഹ്യ സ്ഥാപ

നങ്ങളും ഓരോ വ്യക്തിക്കും സമ്പൂർണ്ണ സ്വയം നിർണ്ണയാവകാശം നൽകാൻ ബാദ്ധ്യസ്ഥരാണ്. തൊഴിലിന്റെ സ്വഭാവവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കുമരപ്പയുടെ എഴുത്തുകളിൽ വ്യക്തിസ്വയംഭരണത്തെ സംബന്ധിച്ച കുമരപ്പയുടെ ഉത്കണ്ഠ ആഴത്തിൽ വേരോടിയിരിക്കുന്നതായി കാണാം. നാല് ദശാബ്ദങ്ങൾക്ക് മുമ്പ് 'ഉത്തമജോലി' (Good Work, EF Schumachar) എന്നത് അപ്രോപ്രിയേറ്റ് ടെക്നോളജി പ്രസ്ഥാനങ്ങളുടെ മുദ്രാവാക്യമായിരുന്നു. സാമ്പത്തിക - സാമൂഹ്യ സ്ഥാപനങ്ങളിൽ നിന്നും സ്വതന്ത്രമായ തൊഴിലിന്റെ സ്വഭാവത്തെക്കുറിച്ച് ദാർശനികമായൊരു ധാരണ നിർമ്മിച്ചെടുക്കാൻ കുമരപ്പ ശ്രദ്ധിച്ചിരുന്നു. യഹൂദ-ക്രിസ്ത്യൻ പാരമ്പര്യത്തിൽ തൊഴിലിനെ ദൈവത്തിന്റെ ശാപമായി കാണുന്ന രീതിയെ തള്ളിക്കളഞ്ഞുകൊണ്ടായിരുന്നു കുമരപ്പ ഇത് സാധ്യമാക്കിയത്.

കുമരപ്പയെ സംബന്ധിച്ചിടത്തോളം തൊഴിലിന് രണ്ട് സുപ്രധാന ഘടകങ്ങളുണ്ട്. വ്യക്തിയുടെ സന്തോഷത്തെയും വികാസത്തെയും പരിപോഷിപ്പിക്കുന്ന സർഗ്ഗപരമായ ഘടകവും കായികാദ്ധ്വാനത്തിന്റേതായ മറ്റൊരു ഘടകവും. തൊഴിലിന്റെ യഥാർത്ഥ ഉദ്ദേശം മനുഷ്യന്റെ ഉന്നതമായ ശേഷികളെ വികസിപ്പിക്കുക എന്നതാണെങ്കിൽ സർഗ്ഗാത്മകതയും കായികാദ്ധ്വാനവും ഒരേപോലെ പ്രധാനമാണ്. അവയെ വേർപെടുത്തുക എന്നത് പാലിൽ നിന്ന് കൊഴുപ്പ് വേർതിരിക്കുന്നത് പോലെയാണ്. ആരോഗ്യകരമായ ശരീരത്തിന് കൊഴുപ്പുമാത്രം പോര, പാലിലടങ്ങിയിരിക്കുന്ന മറ്റ് പോഷകങ്ങളും ആവശ്യമാണ്. അതിലും കൂടുതലായി, തൊഴിലിലെ സർഗ്ഗാത്മകതയിൽ നിന്നും കായികാദ്ധ്വാനത്തെ വേർപെടുത്തുക എന്നത് ഹിംസയുടെ അടിസ്ഥാന സ്രോതസ്സാണ്. തീർച്ചയായും വ്യക്തിതലത്തിലുള്ള ഈ ഹിംസ വിശാലമായ സാമൂഹികതലത്തിലേക്ക് വികസിക്കുകയും നാഗരികതയുടെ തന്നെ ഉയർച്ചയിലേക്കും താഴ്ചയിലേക്കും ചെന്നെത്തിക്കുകയും ചെയ്യും.

ഒരു സമൂഹത്തിൽ നടപ്പിലുള്ള രാഷ്ട്രീയ ഘടനയിൽ സാമ്പത്തിക സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് കുമരപ്പ ബോധവാനായിരുന്നു. സമ്പദ്‌വ്യവസ്ഥയിൽ വൻകിട വ്യവസായങ്ങൾ രാഷ്ട്രീയത്തിൽ ജനാധിപത്യത്തിന് നേർവിപരീതമാണ്. സാമ്രാജ്യത്വ പദ്ധതികളുടെ പ്രേരകശക്തിയായി പ്രവർത്തിച്ചത് നിർബ്ബന്ധിത തൊഴിൽ വിഭജനമായിരുന്നുവെന്നും സാമ്പത്തിക-സാമൂഹ്യ സ്ഥാപനങ്ങളിലൊന്നിന് പോലും ഈ വിഷയത്തെ അഭിമുഖീകരിക്കാൻ സാധിച്ചിട്ടില്ലെന്നും കുമരപ്പ ചൂണ്ടിക്കാട്ടുന്നു. വൻകിട കേന്ദ്രീകൃത വ്യവസായങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മുതലാളിത്ത-കമ്യൂണിസ്റ്റ് സ്ഥാപനങ്ങളിലും ഒരു ശരാശരി തൊഴിലാളി യന്ത്രത്തിന്റെ ഭാഗമായി മാറുകയാണ്. അതുകൊണ്ട്, സാമ്പത്തിക ഘടന നിർണ്ണയിക്കപ്പെടേണ്ടത് വ്യക്തികൾക്ക് ലഭ്യമായിരിക്കേണ്ട നിരവധി തിരഞ്ഞെടുപ്പുകളിലൂടെയായിരിക്കണം. കുമരപ്പയെ സംബന്ധിച്ചിടത്തോളം അഹിംസാത്മക സാമൂഹ്യ സ്ഥാപനങ്ങളുടെ അടിസ്ഥാനം എല്ലാ വ്യക്തികൾക്കും ലഭ്യമായിരിക്കേണ്ട സ്വാതന്ത്ര്യം, സ്വയംഭരണം എന്നിവയാണ്. എന്നിരുന്നാലും, നാം ലാഭേച്ഛയ്ക്ക് പൂർണ്ണമായും തടയിടുകയില്ലെന്നും, സമ്പൂർണ്ണ വികേന്ദ്രീകരണത്തിനായി വാദിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞുവെക്കുന്നു. "മുതലാളിത്തത്തിനും കമ്യൂണിസത്തിനും ഇടയിലുള്ള ഒരു മാർഗ്ഗം നാം കണ്ടെത്തേണ്ടതുണ്ട്."

നിർബ്ബന്ധിത രീതികളെക്കുറിച്ച് വിമർശനമുന്നയിക്കുമ്പോൾ, സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വൻകിട സാമൂഹ്യ സ്ഥാപനങ്ങൾക്കായി വാദിക്കുമ്പോൾ കുമരപ്പ അത്ര ലളിതമായി കാര്യങ്ങൾ കാണുന്നില്ലെന്ന് പറയാം: "സംഘടിത പ്രവർത്തനങ്ങളിലൂടെയുള്ള സംഭാവനകൾ ഒരു പരിമിത സമൂഹത്തിനകത്തായിരിക്കും എന്നത് വസ്തുതയാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ദേശീയതലത്തിൽ ഒരു പ്രത്യേക സമയപരിധിക്കുള്ളിൽ അവ സാധ്യമാണോ എന്നത് ഗൗരവമായ സന്ദേഹത്തിന് വഴിയൊരുക്കുന്നുണ്ട്. ഏതാനും ആദർശവാദികൾക്ക് ഒരുമിച്ച് ചേർന്ന് ഒരു ആശ്രമമോ അല്ലെങ്കിൽ മറ്റ് കാരുണ്യ സ്ഥാപനങ്ങളോ സേവനാടിസ്ഥാനത്തിൽ ആരംഭിക്കാൻ സാധിക്കുമായിരിക്കും. എന്നാൽ വൈവിദ്ധ്യമാർന്ന നാഗരികത നിലനിൽക്കുന്ന ഇന്നത്തെ അവസ്ഥയിൽ ഈയൊരു തത്വത്തിന്റെ അടിസ്ഥാനത്തിൽ ലോകമൊട്ടാകെ നടപ്പിലാക്കുന്നതിന്റെ സാധ്യത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. നിയന്ത്രിത സാഹചര്യങ്ങളിൽ സാമ്പത്തിക ഇടപെടലുകളെ മുൻനിർത്തിയുള്ള പരീക്ഷണങ്ങൾ സാധ്യമാണ്. അതേസമയം, സാമാന്യ സാഹചര്യങ്ങളിൽ നിയന്ത്രണങ്ങളേതുമില്ലാതെ ലോകത്തെ ചലിപ്പിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നത് കടന്നകയ്യാണ്.'' (Kumarappa, J. C., War : A Factor of Production, Rajahmundry, Hindustan Publishing Company, 1938).

➯ കേന്ദ്രീകൃത ഉത്പാദനത്തിന്റെ കൂടെപ്പിറപ്പായി ഹിംസമാറുന്നു എന്ന് കുമരപ്പ പറയുന്നു ➯



അഹിംസാത്മക സാമൂഹ്യ സ്ഥാപനങ്ങളെക്കുറിച്ചുള്ള സ്വപ്നങ്ങൾ സൂക്ഷിക്കുന്ന കുമരപ്പ, മുതലാളിത്തത്തിന് കീഴിൽ ഉത്പാദനത്തിന് വളരെ വിദൂരത്ത് നിൽക്കുന്ന അസംസ്കൃത വിഭവങ്ങളുടെ നിരന്തരമായ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംരക്ഷണം ആവശ്യമാണെന്ന വസ്തുത തിരിച്ചറിയുന്നുണ്ട്. അതിനേക്കാൾ പ്രധാനമായി. യഥാർത്ഥ ആവശ്യവുമായി ബന്ധമില്ലാത്ത മത്സരാധിഷ്ഠിത ഉത്പാദനം, സ്ഥിരമായ ലാഭം ഉറപ്പുവരുത്തുന്നതിനായി പുതിയ വിപണികൾ ആവശ്യമാക്കുന്നുണ്ട്. "വിപണിയുടെ ഈ രീതിയിലുള്ള വ്യാപനത്തിന് അവർക്ക് കരസേന, നാവികസേന, വ്യോമസേന തുടങ്ങിയവയുടെ ആവശ്യം വരുന്നു. ഇവയൊക്കെയും അസമത്വത്തിന് വഴിമരുന്നിടുന്നതിനൊപ്പം കാലാകാലങ്ങളായുള്ള ആഗോളയുദ്ധങ്ങൾക്കും ഹിംസകൾക്കും വിനാശങ്ങൾക്കും കാരണമാകുന്നു." (Village Movement, Chapter 10). ഭരണകൂടത്തെ നിയന്ത്രിക്കുന്ന ഏതാനും പേരുടെ കൈകളിലേക്ക് അധികാരം കേന്ദ്രീകരിക്കപ്പെടുന്നു എന്നതുകൊണ്ടുതന്നെ വ്യാവസായികോൽപ്പാദനത്തിനുമേൽ ഭരണകൂട നിയന്ത്രണം എന്ന സോവിയറ്റ് കമ്യൂണിസ്റ്റ് ആശയം ഇതിന് പരിഹാരമാകുന്നില്ല. റഷ്യ മുന്നോട്ടുവെച്ച വർഗ്ഗവിദ്വേഷം കൂടിയാകുമ്പോൾ കേന്ദ്രീകൃത ഉത്പാദനത്തിന്റെ കൂടെപ്പിറപ്പായി ഹിംസമാറുന്നു എന്ന് കുമരപ്പ പറയുന്നു.

സാമ്പത്തിക സ്ഥാപനങ്ങളും ഹിംസയും തമ്മിലുള്ള ഗാഢബന്ധത്തെ സംബന്ധിച്ച കുമരപ്പയുടെ ബോദ്ധ്യം പാശ്ചാത്യ സമാധാന പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിലയിരുത്തലുകളിൽ നിന്ന് മനസിലാക്കാൻ സാധിക്കും: ആധുനിക യുദ്ധത്തിന്റെ മൂലകാരണം സാമ്പത്തിക വ്യവസ്ഥയാണെന്ന് പ്രഖ്യാപിക്കുന്നതിലൂടെ ആധുനിക പാശ്ചാത്യ സമാധാന പ്രസ്ഥാനങ്ങളുടെ ദൗർബല്യങ്ങളിലേക്ക് അദ്ദേഹം വളരെ പരുഷമായി കടന്നുകയറുന്നു. പാശ്ചാത്യ സമാധാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ഫലപ്രദമാകണമെങ്കിൽ അവയ്ക്ക് വിപ്ലവാത്മകമായ ഒരു സാമ്പത്തിക പരിപാടി ഉണ്ടായിരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. (Village Movement, p. 31).

അധികാര കേന്ദ്രീകരണത്തിന് തടയിടുന്ന ഉത്പാദന പ്രക്രിയയുടെ വികേന്ദ്രീകരണത്തിന് മാത്രമേ സമൂഹത്തെ സമാധാനത്തിലേക്കും പുരോഗതിയിലേക്കും നയിക്കാൻ സാധിക്കുകയുള്ളൂ എന്ന് കുമരപ്പ ഉറപ്പിച്ചു പറയുന്നു. അത്തരമൊരു വികേന്ദ്രീകൃത വ്യവസ്ഥയിൽ പ്രതിഫലം മിതമായിരിക്കും, രാഷ്ട്രീയ ജീവിതത്തിലെ യഥാർത്ഥ ജനാധിപത്യത്തിലേക്കും, രാഷ്ട്രങ്ങൾക്കിടയിലുള്ള സമാധാനങ്ങളിലേക്കും ഉള്ള ഏക വഴി ഇതുമാത്രമാണെന്ന് കുമരപ്പ ശക്തമായി വാദിച്ചിരുന്നു. ■